"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- എറണാകുളം ജില്ലയിലെ ക്രാരിയേലി സെന്റ് മേരീസ് എച്ച്. എസിൽ എൽ.ജി ഹിന്ദി അദ്ധ്യാപികയായ ശ്രീമതി സ്മിത പി. മാത്യു ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 13006/2021 നമ്പേലുള്ള വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ(എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.938/2022/GEDN തീയതി,തിരുവനന്തപുരം, 18-02-2022

പരാമർശം:-

1. ശ്രീമതി സ്മിത പി. മാത്യു ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 13006/2021 നമ്പേലുള്ള 30/5/2021 ലെ വിധിന്യായം

2 29/07/2021 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡി.ജി.ഇ/6079/2020-ഇ.സി.-2 നമ്പർ കത്ത്

3. 12/01/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡി.ജി.ഇ/6079/2020-ഇ.സി.-2 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്

4. 12/10/20 ലെ കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി4/2460/2020 നമ്പർ കത്ത്

ഉത്തരവ്

എറണാകുളം ജില്ലയിലെ ക്രാരിയേലി സെന്റ് മേരീസ് എച്ച്. എസിൽ എൽ.ജി ഹിന്ദി അദ്ധ്യാപികയായ ശ്രീമതി സ്മിത പി. മാത്യു ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 13006/2021 നമ്പേലുള്ള പരാമർശം 1 ലെ വിധിന്യായത്തിൽ ഹർജിക്കാരി, മാനേജർ എന്നിവരെ നേരിൽ കേട്ടതിനുശേഷം 3-ാം എതിർ കക്ഷി, മാനേജർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള Ext. P6 റിവിഷൻ ഹർജി 3 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർ കക്ഷി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു അതിൻ പ്രകാരം ഹർജിക്കാരിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും 12/10/21 തീയതിയിൽ വീഡിയോ കോൺഫറൻസ് മുഖേന നേരിൽ കേട്ടു.

2. 2016-17 വർഷത്തിൽ ടി സ്കൂളിൽ അനുവദിച്ച എൽ.ജി ഹിന്ദി തസ്തികയിൽ നിയമിച്ച ഹർജിക്കാരിയുടെ 1/6/2017 മുതലുള്ള നിയമനം അംഗീകരിയ്ക്കണമെന്നതാണ് Ext.P6 റിവിഷൻ ഹർജിയിലെ ആവശ്യം. നിയമനത്തീയതി മുതൽ തന്റെ നിയമനത്തിനംഗീകാരം നൽകണമെന്ന്

ഹർജിക്കാരിയും അപേക്ഷിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

4. ക്രാരിയേലി സെന്റ് മേരീസ് ഹൈസ്കൂളിൽ 29/1/2016 ലെ G.O.(Rt) 29/16/GEDN ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ 2012-13 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ ഒരു HSA (ഹിന്ദി) തസ്തിക നഷ്ടപ്പെടുകയും ഒരു എൽ.ജി. ഹിന്ദി തസ്തിക അധികമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. HST (ഹിന്ദി) തസ്തിക നഷ്ടപ്പെട്ടതുമൂലം ടി തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി. സിന്ധു.പി.ശ്രീധർ അധ്യാപക ബാങ്കിൽ ഉൾപ്പെട്ട് 01/09/2016 മുതൽ പുനർവിന്യസിക്കപ്പെട്ട് കോതമംഗലം BRC യിൽ ജോലി ചെയ്യ വരുന്നതായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2012-13 അധ്യയന വർഷം അധികമായി സൃഷ്ടിക്കപ്പെട്ട എൽ.ജി ഹിന്ദി തസ്തികയിലാണ് 01/06/2017 മുതൽ മാനേജർ ഹർജിക്കാരിയെ നിയമിച്ചിട്ടുള്ളത്. എന്നാൽ മാനേജർ 12/1/2010 ലെ സ.ഉ.10/10/പൊ.വി.വ. ഉത്തരവ് വ്യവസ്ഥ ചെയ്യുന്ന, അധിക തസ്തികയിലെ നിയമനങ്ങൾക്ക് 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാമെന്ന സത്യപ്രസ്ഥാവന മാനേജർ സമർപ്പിക്കാത്തതിനാൽ അധിക തസ്തികയിലെ നിയമനങ്ങൾക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിട്ടില്ല. കൂടാതെ നിയമന സമയത്ത് ഹർജിക്കാരി കെ-ടെറ്റ് യോഗ്യത നേടിയിരുന്നില്ല.

5. എന്നാൽ 2016-17 വർഷത്തിൽ ടി സ്കൂളിൽ അധിക തസ്തിക ഉണ്ടായിട്ടില്ലെന്നും 2012-13 വർഷത്തിൽ ഒരു HSA തസ്തിക കൺവർട്ട് ചെയ്ത് യു.പി. വിഭാഗത്തിൽ ഒരു എൽ.ജി തസ്തിക അനുവദിച്ചതായും ടി തസ്തികയിലാണ് ഹർജിക്കാരിയെ നിയമിച്ചിട്ടുള്ളതെന്നും 2015-16 വരെ ഉണ്ടായ അധിക തസ്തികയിലെ നിയമനങ്ങൾക്കാണ് 1:1 പ്രകാരം ബോണ്ട് സമർപ്പിച്ചതെന്നും, 2015-16 ൽ എൽ.ജി ഹിന്ദി തസ്തിക സ്ഥിരപ്പെടുത്തിയാണ് അനുവദിച്ചതെന്നുമാണ് മാനേജർ വാദിച്ചിട്ടുള്ളത്.

6. ഇവിടെ 2012-13 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം 2016 ലാണ് നടത്തിയിട്ടുള്ളത്. മാനേജർ വാദിക്കുന്നതു പോലെ HSA ഹിന്ദി തസ്തിക കൺവർട്ട് ചെയ്തല്ല ഒരു എൽ.ജി തസ്തിക അനുവദിച്ചിട്ടുള്ളത്. കുട്ടികളുടെ എണ്ണം കുറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് HSA തസ്തിക നഷ്ടപ്പെട്ടിട്ടുള്ളത്. 2012-13 വർഷത്തെ കുട്ടികളുടെ എണ്ണത്തിന്റെ

അടിസ്ഥാനത്തിലാണ് എൽ.ജി ഹിന്ദി തസ്തിക അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ടി തസ്തിക അധിക തസ്തികയായി മാത്രമേ കണക്കാക്കാൻ കഴിയൂ. ആയതിനാൽ 1/6/2017 മുതൽ ടി തസ്തികയിലുള്ള ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കുന്നതിന് 10/10 പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മാനേജർ 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചിട്ടില്ലെന്നും ഹർജിക്കാരിയുടെ നിയമനം 8/3/19 ലെ പരിപത്രം നം. ജെ2/57/2019/പൊ.വി.വ ൽ പ്രതിപാദിക്കുന്ന സഞ്ചിത അധിക തസ്തികയിലായതിനാൽ നിയമനത്തീയതി മുതൽ ശമ്പളത്തോടെ അംഗീകരിക്കാൻ കഴിയില്ല എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. എയ്ഡഡ് സ്കൂളുകളിലെ 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനാംഗീകാരം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊണ്ട് 6/2/2021 ൽ പുറപ്പെടുവിച്ച G.O(P)No. 04/2021/GEDN ഉത്തരവിലെ ഖണ്ഡിക 4(2) ൽ, മാനേജർ അധ്യാപക ബാങ്കിൽ നിന്നും നിയമാനുസൃതം നിയമിക്കേണ്ട ഒഴിവിലേക്ക് സംരക്ഷിതാദ്ധ്യാപകനെ നിയമിച്ചു ഉത്തരവാകുകയോ/ ഭാവിയിലുണ്ടാകുന്ന ഒഴിവിലേക്ക് നിയമിക്കാമെന്ന സത്യപ്രസ്താവന നൽകുകയോ ചെയ്യുന്ന തീയതി മുതൽ നിലവിലുള്ള KER വ്യവസ്ഥകളിൽ താല്ക്കാലിക ഇളവ് നൽകി 2016-17 മുതൽ 2019-20 വരെ നിയമിക്കപ്പെട്ട ജീവനക്കാർക്ക് നിയമനാംഗീകാരം നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇത് നടപ്പിലാക്കുന്നതു മൂലം ഉണ്ടാകാവുന്ന കടിശ്ശിക സാമ്പത്തികാനുകൂല്യങ്ങൾ നോഷണൽ ആയിരിക്കും.

8. ഹർജിക്കാരി കെ-ടെറ്റ് പാസ്സായിട്ടുണ്ടെന്ന് ഹിയറിംഗിൽ അറിയിച്ചിട്ടുണ്ട്.

9. മേൽ സാഹചര്യത്തിൽ 6/2/21 ലെ സ.ഉ. (അച്ചടി) നം. 4/2021/പൊ.വി.വ. ഉത്തരവിലെ ഖണ്ഡിക 4(2) ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിന് കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ട് റിട്ട് ഹർജി നം.13006/2021 മേലുള്ള പരാമർശം 1 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ

സ.ഉ.(സാധാ) നം.938/2022/GEDN

അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോതമംഗലം, 686 691

സ്മിത.പി.മാത്യു, സെന്റ് മേരീസ് ഹൈസ്കൂൾ,കൊമ്പനാട്, കുറുപ്പംപടി, എറണാകുളം- 683546

മാനേജർ, സെന്റ് മേരീസ് ഹൈസ്കൂൾ,കോമ്പനാട്, കുറുപ്പംപടി, എറണാകുളം- 683546

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 19-02-2022 10:11:22
സെക്ഷൻ ഓഫീസർ